# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5769 03.11.2016 -ലെ മറുപടിയ്ക്ക്

**ഭൂഗർഭ ജലത്തിന്റെ ലഭ്യതയെക്കുറിച്ച് പഠനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.വി.ഇബ്രാഹിം | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഭൂഗർഭ ജലത്തിന്റെ ലഭ്യതയെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | സംസ്ഥാനത്ത് ഭൂഗർഭജലത്തിന്റെ സ്ഥിതിയും ലഭ്യതയും സംബന്ധിച്ച് കേന്ദ്ര ഭൂജലബോർഡും, സംസ്ഥാന ഭൂജലവകുപ്പും സംയുക്തമായി പഠനങ്ങൾ നടത്തിവരുന്നു. ഡയനാമിക്ക് ഗ്രൗണ്ട് വാട്ടർ റിസോർസ് ഓഫ് കേരള -2011 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത (over exploited) ബ്ലോക്കായും, കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കലായും, കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ബ്ലോക്ക്, പാനൂർ ബ്ലോക്ക്, തലശ്ശേരി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം ബ്ലോക്ക്, കാസറഗോഡ് ജില്ലയിലെ മഞ്ചേശ്വർ, കാറഡുക്ക കാഞ്ഞങ്ങാട്, കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, തിരൂരങ്ങാടി, പാലക്കാട് ജില്ലയിലെ പട്ടാമ്പി, തൃത്താല, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, നെടുമങ്ങാട്, പാറശ്ശാല ബ്ലോക്കുകൾ, തൃശ്ശൂർ ജില്ലയിലെ തളിക്കുളം, മതിലകം, ബ്ലോക്കുകൾ എറണാകുളം ജില്ലയിലെ പമ്പാക്കുട, പാറക്കടവ്, വൈപ്പിൻ ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കിയുള്ള 126 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത് കുഴൽകിണർ കുഴിക്കുന്നതിന് ലൈസൻസ് സമ്പ്രദായം നിലവിലുണ്ടോ; വിശദമാക്കാമോ? | സി) | സംസ്ഥാനത്ത് വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പിന്റെ പെർമിറ്റ് നിർബന്ധമാണ്. കൂടാതെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011 അദ്ധ്യായം 14 വകുപ്പ് 93 (എ) പ്രകാരം കുഴൽകിണർ നിർമ്മിക്കുന്നതിന് പഞ്ചായത്ത് പെർമ്മിറ്റ് നൽകുന്നതിന് ഭൂജല വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഭൂജല വകുപ്പ് നൽകുന്ന ശിപാർശയിൽ സുരക്ഷിതമായ അളവിലുള്ള ആഴം കുഴൽ കിണറുകൾക്ക് നിർദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ